ദേശാഭിമാനി
2023 മെയ് 10 ബുധൻ | 1198 മേടം 26 | 1444 ശവ്വാൽ 19

ഡയലോഗ്

കർണാടകത്തിൽ പത്തൊമ്പത് റാലി, ആറ് റോഡ് ഷോ. മണിപ്പുരിന്റെ മുറിവുണക്കാൻ ഇടപെടലുകളില്ല. എല്ലാം മുൻഗണനകളാണ്

റാണ അയ്യൂബ്
മാധ്യമ പ്രവർത്തക

ചരിത്രത്തിൽ ഇന്ന്
10



1774	ലൂയി പതിനാറാമൻ ഫ്രാൻസിന്റെ രാജാവായി
1857	ആദ്യത്തെ സ്വാതന്ത്ര്യസമരത്തിന് തുടക്കം
1927	കുഞ്ഞുണ്ണിമാഷ് ജനിച്ചു
1940	വിൻസ്റ്റൺ ചർച്ചിൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയായി
1993	ഇന്ത്യൻ വനിത സന്തോഷി യാദവ് രണ്ടാം പ്രാവശ്യം എവറസ്റ്റ് കീഴടക്കി
1994	നെൽസൺ മണ്ടേല ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായി

ജനവിരുദ്ധമായി മാറിയ കർണാടക പ്രചാരണം

വർഗീയ, സാമുദായിക വികാരങ്ങൾ ആളിക്കത്തിച്ച് വോട്ട് പിടിക്കാൻ ബിജെപിയും കോൺഗ്രസും തമ്മിൽ മത്സരിച്ചതിന്റെ ചിത്രമാണ് കർണാടക നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ദൃശ്യമായത്. അഴിമതിയിലും കെടുകാര്യസ്ഥതയിലും മുങ്ങിയ ബിജെപി ഭരണത്തിനെതിരെ സംസ്ഥാനത്ത് ജനവികാരം പ്രകടമായിരുന്നു. ഭരണവിരുദ്ധവികാരം മറികടക്കാൻ തീവ്രവർഗീയതയിലും അസത്യപ്രചാരണത്തിലും കേന്ദ്രീകരിച്ച പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും നേതൃത്വം നൽകി. മുഖ്യമന്ത്രി ബസവരാജ് ബൊമ്മെ അടക്കമുള്ളവർ പ്രചാരണരംഗത്ത് അപ്രസക്തരായി. കർണാടകത്തിൽ മുസ്ലിങ്ങൾക്ക് നൽകിവന്ന നാല് ശതമാനം സംവരണം അവസാനിപ്പിച്ചതിന്റെ പേരിൽ അമിത് ഷാ പരസ്യമായി വോട്ട് ചോദിക്കുന്നതിനും പ്രചാരണരംഗം സാക്ഷ്യംവഹിച്ചു. വിഷയം സുപ്രീംകോടതിയുടെ പരിഗണനയിൽ ഇരിക്കെയാണ് കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ ഈ പ്രഖ്യാപനം. അമിത് ഷായുടെ പെരുമാറ്റത്തെ സുപ്രീംകോടതി ഡിവിഷൻ ബെഞ്ച് രൂക്ഷമായി വിമർശിച്ചിട്ടുണ്ട്.

ബി എസ് യെദ്യൂരപ്പയെ മാറ്റി പുതിയ മുഖ്യമന്ത്രിയെ കൊണ്ടുവന്നിട്ടും സ്ഥിതി മോശമായി തുടരുന്നുവെന്ന് മനസ്സിലാക്കിയ ബിജെപി നേതൃത്വം മാസങ്ങൾക്കുമുമ്പേ വർഗീയധ്രുവീകരണം സൃഷ്ടിക്കാൻ ശ്രമങ്ങൾ തുടങ്ങിയിരുന്നു. ദക്ഷിണേന്ത്യയിൽ തങ്ങളുടെ ഭരണത്തിലുള്ള ഏക സംസ്ഥാനമായ കർണാടകത്തിൽ പരാജയം നേരിടേണ്ടിവരുന്നത് അവർക്ക് താങ്ങാൻ കഴിയുന്നതല്ല. പണമൊഴുക്കിയും കേന്ദ്രഭരണ സംവിധാനങ്ങൾ ദുരുപയോഗിച്ചും ജനങ്ങളെ സ്വാധീനിക്കാൻ ബിജെപി നടത്തിയ ശ്രമങ്ങളും കാര്യമായി മുന്നോട്ടുപോയില്ല. ഭരണതലത്തിലെ വൻ അഴിമതികൾ പുറത്തുവന്നത് അവരുടെ മുഖം കൂടുതൽ വികൃതമാക്കി. പ്രതിസന്ധി മറികടക്കാൻ ബിജെപി പതിവ് ആയുധം കൂടുതൽ മൂർച്ചകൂട്ടി പ്രയോഗിക്കുകയാണ് ചെയ്തത്. വർഗീയവിദ്വേഷ പ്രചാരണത്തിന് എതിരായ നടപടിയുടെ ഭാഗമായി ബജ്റംഗദളിനെ നിരോധിക്കുമെന്ന് കോൺഗ്രസ് പ്രകടനപത്രികയിൽ പറഞ്ഞത് ബിജെപി ഏറ്റുപിടിച്ചു. ബജ്റംഗദളിനെ കോൺഗ്രസ് പോപ്പുലർ ഫ്രണ്ടിനോട് ഉപമിക്കുകകൂടി ചെയ്തതോടെ ബിജെപിക്ക് കാര്യങ്ങൾ എളുപ്പമായി. 'ബജ്റംഗ് ബലി' എന്നും അറിയപ്പെടുന്ന ഹനുമാനെ പൂട്ടാനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രിതന്നെ ആരോപിച്ചു. ഗോവയിലെ ബിജെപി സർക്കാർ ശ്രീരാമസേനയെ നിരോധിച്ചത് ചൂണ്ടിക്കാണിച്ച് പ്രതിരോധം തീർക്കാനാണ് കോൺഗ്രസ് ശ്രമിച്ചത്. പ്രചാരണത്തിന്റെ അവസാന നാളുകളിൽ ഇതേച്ചൊല്ലിയുള്ള വാക്പോരാണ് ഇരുകൂട്ടരും തമ്മിൽ നടന്നത്. ആർഎസ്എസിനെ പുകഴ്ത്താനും കോൺഗ്രസ് നേതാക്കൾ തയ്യാറായി.

പണമൊഴുക്കിയും കേന്ദ്രഭരണ സംവിധാനങ്ങൾ ദുരുപയോഗിച്ചും ജനങ്ങളെ സ്വാധീനിക്കാൻ ബിജെപി നടത്തിയ ശ്രമങ്ങളും കാര്യമായി മുന്നോട്ടുപോയില്ല. ഭരണതലത്തിലെ വൻ അഴിമതികൾ പുറത്തുവന്നത് അവരുടെ മുഖം കൂടുതൽ വികൃതമാക്കി. പ്രതിസന്ധി മറികടക്കാൻ ബിജെപി പതിവ് ആയുധം കൂടുതൽ മൂർച്ചകൂട്ടി പ്രയോഗിക്കുകയാണ് ചെയ്തത്

മുഖപ്രസംഗം കേൾക്കാൻ
ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

കർണാടകത്തെ ഇന്ത്യയിൽനിന്ന് വേർപെടുത്താൻ കോൺഗ്രസ് ശ്രമിക്കുന്നുവെന്ന് ആരോപിക്കാനും പ്രധാനമന്ത്രി മുതിർന്നു. ഇത്തരത്തിൽ എന്തെങ്കിലും സൂചന ലഭിച്ചിട്ടുണ്ടെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കാൻ തയ്യാറാകാതെ പൊതുയോഗത്തിൽ ആക്ഷേപം ഉന്നയിച്ചത് പ്രധാനമന്ത്രിസ്ഥാനത്ത് ഇരിക്കുന്ന വ്യക്തിക്ക് യോജിച്ച പ്രവൃത്തിയല്ല. കലാപത്തിൽ മണിപ്പുർ കത്തിയെരിഞ്ഞപ്പോൾ പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രിയും കർണാടകത്തിൽ വിദ്വേഷപ്രചാരവേല നടത്തുകയായിരുന്നു. ലിംഗായത്ത് സമുദായത്തിലെ പ്രധാന നേതാക്കൾ ബിജെപിയുമായി പിണങ്ങുകയോ വിട്ടുപോകുകയോ ചെയ്തതോടെ ഇതര സമുദായങ്ങളെ പ്രീണിപ്പിക്കാൻ വഴിവിട്ട നീക്കങ്ങളും പ്രസ്താവനകളും കേന്ദ്ര– സംസ്ഥാന ഭരണനേതൃത്വത്തിൽനിന്നുണ്ടായി. ഇതൊന്നും തുറന്നുകാട്ടാൻ തയ്യാറാകാതെ സാമുദായിക പ്രീണനത്തിലും ബിജെപിയെ അനുകരിക്കുകയാണ് കോൺഗ്രസ് ചെയ്തത്.

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. എല്ലാ പൗരന്മാരും ഒന്നിച്ചുകൂടി തീരുമാനങ്ങൾ എടുക്കുക അപ്രായോഗികമാണ്. ജനപ്രതിനിധികളെ തെരഞ്ഞെടുത്ത് നിയമനിർമാണ സഭകളിലേക്ക് അയക്കുന്ന സംവിധാനം നിലവിൽവന്നത് ഈ പരിമിതി മറികടക്കാനാണ്. അതിനാൽ തെരഞ്ഞെടുപ്പുകളിൽ ചർച്ചചെയ്യേണ്ടത് മുഴുവൻ ജനങ്ങളുടെയും ജീവിതപ്രശ്നങ്ങളാണ്. ജനങ്ങളെ തമ്മിൽ അകറ്റുന്ന വിഷയങ്ങളുണ്ടാക്കി തെരഞ്ഞെടുപ്പിൽ പ്രചാരണം നടത്തുന്നത് ജനാധിപത്യസംവിധാനം അട്ടിമറിക്കലാണ്. കർണാടകത്തിൽ ഇത്രത്തോളം തീവ്രമായ വർഗീയപ്രചാരണം നടന്നപ്പോൾ തെരഞ്ഞെടുപ്പ് കമീഷൻ ആവശ്യമായ ഇടപെടൽ നടത്തിയില്ലെന്നും ആക്ഷേപം ഉയർന്നിട്ടുണ്ട്. തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി സങ്കുചിത താൽപ്പര്യങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭവിഷ്യത്ത് രാജ്യം കണ്ടുകൊണ്ടിരിക്കുകയാണ്. കടമകൾ നിറവേറ്റാൻ ഉത്തരവാദിത്വപ്പെട്ടവർ അതിനു തയ്യാറാകാത്തത് അങ്ങേയറ്റം ആപൽക്കരമാണ്.

പ്രതികരണം

editdbi@gmail.com

ആവർത്തിക്കരുത് ദുരന്തങ്ങൾ

ബോട്ട് ദുരന്തങ്ങൾ തുടർക്കഥയായിക്കൊണ്ടിരിക്കുന്നു. ബോട്ട് അപകടങ്ങൾക്ക് ആരാണോ ഉത്തരവാദികൾ അവർക്ക് കർശനമായ ശിക്ഷ ഉറപ്പാക്കണം. ഓരോ ദുരന്തത്തിനുശേഷവും അന്വേഷണ കമീഷനുകളും റിപ്പോർട്ടുകളും വന്നു. പക്ഷേ, തുടർനടപടികൾ ഉണ്ടാകുന്നില്ല. അന്വേഷണ കമീഷന്റെ റിപ്പോർട്ടുകൾ പരിശോധിച്ച് കൃത്യവിലോപം നടത്തിയവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

എ കൃഷ്ണൻ, പുതുപ്പരിയാരം, പാലക്കാട്

നിയമം പാലിക്കാനുള്ളതാണ്

നിയമങ്ങൾ പാലിക്കാനുള്ളതാണ്. എല്ലാ ജനങ്ങളുടെയും സുരക്ഷയ്ക്കുവേണ്ടി ഉണ്ടാക്കിയ നിയമങ്ങൾ അനുസരിക്കാൻ നമ്മൾ തയ്യാറാകാത്ത കാലത്തോളം അപകടങ്ങൾ ഇനിയുമുണ്ടാകും. ട്രാഫിക് നിയമങ്ങളായാലും യാത്രാ ബോട്ടുകളിൽ പാലിക്കേണ്ടവയായാലും അവ പാലിക്കണം.

ആർ ജിഷി കൊല്ലം

ബോട്ടുകൾ സുരക്ഷിതമാക്കണം

കഴിഞ്ഞ ദിവസം അപകടത്തിൽപ്പെട്ട ബോട്ട് സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാത്തതാണെന്ന് നാട്ടുകാരും രക്ഷാപ്രവർത്തനത്തിന് എത്തിയ മത്സ്യത്തൊഴിലാളികളും ആരോപിക്കുന്നു. മാനദണ്ഡങ്ങൾ പാലിക്കാൻ അധികൃതർ മുൻകൈയെടുത്ത് നിയമം നടപ്പാക്കണം. സുരക്ഷ ഉറപ്പാക്കിയതിനുശേഷമേ വിനോദസഞ്ചാരത്തിന് ബോട്ടുകൾ ഉപയോഗിക്കാൻ അനുമതി നൽകാവൂ.

മുഹമ്മദ് അസ്‌ലഹ് സി പറമ്പിൽപീടിക

നവകേരള സൃഷ്ടിയുടെ 2 വർഷം

രണ്ടു തലത്തിലുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ദീർഘകാല പദ്ധതിയുൾപ്പെടെയുള്ളവ പൂർത്തീകരിക്കലാണ് ഒന്നാമത്തേത്. ഹൈവേ വികസനം, മലയോര- തീരദേശ ഹൈവേ വികസനം, വാട്ടർ മെട്രോ, കെ ഫോൺ, മിഷനുകൾ എന്നിവയൊക്കെ ഇതിന്റെ ഭാഗമാണ്. നവകേരള നിർമിതിക്കായി വൈജ്ഞാനിക സമൂഹ സൃഷ്ടിയെന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനമാണ് രണ്ടാമത്തേത്

അംഗീകാരങ്ങളുടെ
നിറവിൽ
2
എൽഡിഎഫ് സർക്കാരിന്റെ
രണ്ടാം വാർഷികാഘോഷം
ഏപ്രിൽ – മെയ്

പുത്തലത്ത് ദിനേശൻ

കേരള രാഷ്ട്രീയത്തിലെ സുപ്രധാനമായ ഒരു ചുവടുവയ്പായിരുന്നു എൽഡിഎഫ് സർക്കാരിന്റെ തുടർഭരണം. 1957ലെ ഇ എം എസ് മന്ത്രിസഭ കേരള വികസനത്തിന് അടിത്തറയിട്ടു. തുടർന്നുവന്ന ഇടതുപക്ഷ സർക്കാരുകൾ ആ അടിത്തറയിൽ ജനകീയ താൽപ്പര്യങ്ങളെ വികസിപ്പിച്ച് നടപ്പാക്കി. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്നു വിളിച്ച കേരളത്തെ ജനാധിപത്യബോധവും സാമൂഹ്യനീതിയും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇന്ത്യയിലെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാക്കി മാറ്റുന്നതിൽ ഇടതുപക്ഷ സർക്കാരുകൾ വഹിച്ച പങ്ക് ആർക്കും നിഷേധിക്കാനാകില്ല. ജീവിതസൂചികയുടെ നിലവാരത്തിലും ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമാണ് ഇന്ന് കേരളം.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത്, ദുരന്തങ്ങളെ നേരിടുമ്പോൾത്തന്നെ പ്രകടനപത്രികയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി സർക്കാർ നടപ്പാക്കി. കേരളത്തിന്റെ ഭാവിയെക്കണ്ട് അടിസ്ഥാന സൗകര്യ മേഖലയിൽ നടത്തിയ നിക്ഷേപങ്ങൾ നവകേരള സൃഷ്ടിക്കുള്ള സുപ്രധാന കാൽവയ്പായിരുന്നു. ഒന്നാം പിണറായി സർക്കാരുണ്ടാക്കിയ ഈ അടിത്തറയിൽനിന്ന് നവകേരളത്തെ സൃഷ്ടിക്കുന്നതിനുള്ള ചുവടുവയ്പുകളാണ് ഇപ്പോൾ നടക്കുന്നത്. പാവങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക, ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവ സുപ്രധാന ഉത്തരവാദിത്വമാണെന്നു കണ്ടുള്ള ഇടപെടലാണ് നടത്തിയത്. 30 വർഷംകൊണ്ട് കേരളത്തെ മധ്യവരുമാന രാജ്യങ്ങൾക്കൊപ്പം എത്തിക്കുന്നതിനുള്ള കർമപരിപാടികളും അധികാരത്തിലെത്തിയശേഷം എൽഡിഎഫ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രകടനപത്രികയിലെ 900 നിർദേശത്തിൽ എണ്ണൂറ്റിഇരുപതോളം കാര്യങ്ങളിൽ തുടക്കം കുറിക്കാൻ രണ്ടു വർഷത്തിനകം സർക്കാരിന് കഴിഞ്ഞു.

രണ്ടു തലത്തിലുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ദീർഘകാല പദ്ധതിയുൾപ്പെടെയുള്ളവ പൂർത്തീകരിക്കലാണ് ഒന്നാമത്തേത്. ഹൈവേ വികസനം, മലയോര– തീരദേശ ഹൈവേ വികസനം, വാട്ടർ മെട്രോ, കെ ഫോൺ, മിഷനുകൾ തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമാണ്.

നവകേരള നിർമിതിക്കായി വൈജ്ഞാനിക സമൂഹ സൃഷ്ടിയെന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനമാണ് രണ്ടാമത്തേത്. പരമ്പരാഗത അറിവുകളെ വികസിപ്പിച്ചും ആധുനികമായ എല്ലാ കാഴ്ചപ്പാടുകളെയും സ്വാംശീകരിച്ചുമുള്ള വൈജ്ഞാനിക കുതിപ്പാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. പുതിയ അറിവുകളെ ഉപയോഗിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കണം. മാത്രമല്ല അവ നീതിപൂർവമായി വിതരണം ചെയ്യുകയും വേണം. വൈജ്ഞാനിക സമൂഹത്തിന്റെ സൃഷ്ടിക്ക് ഏറ്റവും പ്രധാനമായി വേണ്ടത് ഉന്നതവിദ്യാഭ്യാസ രംഗത്തെ ഈ ഇടപെടലാണ്. കഴിഞ്ഞ ബജറ്റിൽ 3461.53 കോടി രൂപ ഇതിനായി നീക്കിവച്ചു. മാത്രമല്ല ഉന്നതവിദ്യാഭ്യാസ കമീഷൻ രൂപീകരിക്കുകയും, അതിന്റെ ശുപാർശകൾ നടപ്പാക്കുകയും ചെയ്തുവരുന്നു. നാക് അക്രഡിറ്റേഷനിൽ രാജ്യത്തെ ആറ് സർവകലാശാലയ്ക്കുമാത്രം ലഭിച്ച എ+ + കേരള സർവകലാശാലയ്ക്ക് ലഭിച്ചു. കാലടി, കൊച്ചി, കോഴിക്കോട് സർവകലാശാലകൾ എ+ ഗ്രേഡിലെത്തി. 240 കോളേജ് നാക് പട്ടികയിൽ കൂടുതലായി കേരളത്തിൽനിന്ന് എത്തിച്ചേരുന്ന സ്ഥിതിയുണ്ടായിരിക്കുന്നു. സർവകലാശാലയിലെ ഗവേഷണഫലങ്ങൾ സാമൂഹ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനായി ട്രാൻസ്ലേഷൻ ലാബുകൾപോലുള്ളവ ആരംഭിച്ചു. പൊതുവിദ്യാഭ്യാസ രംഗത്ത് പശ്ചാത്തല സൗകര്യ വികസനത്തിനാണ് കഴിഞ്ഞ സർക്കാർ ഊന്നിയത്. അതിന്റെ തുടർച്ചയിൽ ഉള്ളടക്കത്തെ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യചികിത്സാരംഗത്തെ നിലവാരം കൂടുതലുയരുന്നതിന്റെ സൂചനയാണ് 160 ആശുപത്രിക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അംഗീകാരം ലഭിച്ചത്. കേരളത്തിൽ വ്യാപകമായിട്ടുള്ള ജീവിതശൈലീ രോഗങ്ങളും അർബുദവും കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കുകയാണ്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതോടൊപ്പംതന്നെ നൂതന സംരംഭങ്ങളെയും സ്വകാര്യ നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുകയെന്ന സമീപനം ഇതിന്റെ തുടർച്ചയായി ഫലപ്രദമായി നടപ്പാക്കുന്നു. കേന്ദ്ര സർക്കാർ വിൽക്കാൻവച്ച വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കാസർകോട്ടെ ബിഎച്ച്ഇഎൽ എന്നീ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർതന്നെ ഏറ്റെടുത്ത് ലാഭത്തിലാക്കി. കേരള റബർ ലിമിറ്റഡിന് വെള്ളൂരിൽ തറക്കല്ലിടുകയും ചെയ്തു.

2022–23 സാമ്പത്തിക വർഷത്തിൽ 1,30,000 സംരംഭം പുതുതായി ആരംഭിക്കാനായി. ഇതുവഴി 2,81,333 തൊഴിലവസരവും സൃഷ്ടിച്ചു. സംരംഭകർക്ക് ഏഴ് ദിവസത്തിനുള്ളിൽ അനുമതി ലഭിക്കുന്നതിനുതകുന്ന മാറ്റങ്ങളും നടപ്പാക്കിവരുന്നു. ഐടി രംഗത്ത് ശക്തമായ കുതിപ്പിന് സഹായിക്കുന്ന 200 കോടി ചെലവ് വരുന്ന സയൻസ് പാർക്കും ആരംഭിച്ചു. യുവസംരംഭക വികസന പദ്ധതിക്ക് കീഴിൽ 4127 സ്റ്റാർട്ടപ് രണ്ട് വർഷത്തിനുള്ളിൽ ആരംഭിച്ചു. ടൂറിസം മേഖലയിൽ ശ്രദ്ധേയമായ ചുവടുവയ്പുകളും ഇക്കാലത്തുണ്ടായി. പാൽ, മുട്ട, പച്ചക്കറി എന്നിവയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളും നടപ്പാക്കുകയാണ്.

സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനായി സ്ത്രീകൾക്കായുള്ള പ്രത്യേക വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. സ്ത്രീ ജീവിതത്തിൽ രണ്ടാം നവോത്ഥാനത്തിന്റെ കാഹളം മുഴക്കിയ കുടുംബശ്രീയിൽ 1,75,000 അംഗങ്ങൾ പുതുതായി വന്നു. ഹരിതകർമസേനയുടെ 1018 യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇവർ മുഖേന 65 ലക്ഷത്തോളം വീടുകളിൽനിന്നും അഞ്ചുലക്ഷത്തോളം സ്ഥാപനങ്ങളിൽനിന്നും അജൈവ വസ്തുക്കൾ ശേഖരിച്ച് മാലിന്യനിർമാർജന പ്രവർത്തനങ്ങൾ സജീവമാണ്. 1840 പട്ടികജാതി കുടുംബത്തിന് ഭൂമി നൽകി. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിനുള്ള വിവാഹ ധനസഹായമുൾപ്പെടെ വർധിപ്പിച്ചു.

നാടിന്റെ കുതിപ്പിന് സഹായമാകുന്നവിധം തദ്ദേശഭരണ സ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയും കൂട്ടിയിണക്കിയുള്ള നവകേരള കാഴ്ചപ്പാടും പ്രയോഗത്തിൽ വരികയാണ്. സഹകരണരംഗത്തെ നിക്ഷേപം നാടിന്റെ വികസനത്തിന് തിരിച്ചുവിടുകയെന്ന കാഴ്ചപ്പാടിന്റെ ഭാഗംകൂടിയാണിത്. പ്രവാസി ക്ഷേമത്തിനും സർക്കാർ ഊന്നൽ നൽകി.

അതിദരിദ്രരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ ദാരിദ്ര്യമുള്ള രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറുന്ന ഘട്ടത്തിലാണ് ഈ സ്ഥിതി ഉണ്ടാകുന്നത്. പിണറായി സർക്കാരിന്റെ ഏഴു വർഷത്തെ കാലാവധിക്കുള്ളിൽ 6967 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് വിതരണം ചെയ്തത്. അപേക്ഷകളിൽ കാര്യക്ഷമമായും കൃത്യമായും ഇടപെടുന്ന രീതിയും നടന്നുവരികയാണ്.

ശാസ്ത്ര സാങ്കേതിക രംഗത്തെ വികാസത്തെ വിവിധ മേഖലയിൽ വിന്യസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. ഡിജിറ്റൽ സർവേയും ഈ കാലഘട്ടത്തിൽ നടപ്പാക്കി. ട്രാഫിക് നിയമങ്ങൾ നടപ്പാക്കുന്നതിന് എഐ കാമറയും സ്ഥാപിച്ചു. റോബോട്ടിക് സർജറിയും കൊണ്ടുവരികയാണ്. ഇ–ഫയലിങ് സമ്പ്രദായത്തിലൂടെ ഫയലുകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സർക്കാർ ഇടപെട്ടു. 2021 മെയ് മുതൽ 2023 ഫെബ്രുവരി 28 വരെ 43,490 പേർക്ക് സർക്കാർ നിയമനം നൽകി. ഈ കാലയളവിൽ കെഎഎസിൽ 105 പേരെ നിയമിച്ചു. കോടതി വിധികൾ മലയാളത്തിൽത്തന്നെ ലഭിക്കുന്ന നടപടികളും പുരോഗമിക്കുന്നു.

കേരള വികസനത്തെ തകർക്കുന്നതാണ് കേന്ദ്ര നിലപാട്. കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട തുകയിൽ 40,000 കോടി രൂപയുടെ കുറവാണ് ഉണ്ടായിരിക്കുന്നത്. കിഫ്ബി പോലുള്ള പദ്ധതികളിലൂടെ ബദൽവികസന കാഴ്ചപ്പാട് മുന്നോട്ടുകൊണ്ടുപോകുന്ന സംസ്ഥാന സർക്കാരിന്റെ നയങ്ങളെ തകർക്കുകയാണ്. സർക്കാരിന്റെ വായ്പാപരിധിക്കകത്ത് കിഫ്ബി പോലുള്ള സ്ഥാപനങ്ങളെ കൊണ്ടുവന്നാണ് ഇത് നടപ്പാക്കാൻ ശ്രമിക്കുന്നത്. മതനിരപേക്ഷതയുടെ വിളനിലമായ കേരളത്തെ അതുയർത്തിപ്പിടിച്ചതിന്റെ പേരിൽ പ്രധാനമന്ത്രിതൊട്ടുള്ള ബിജെപി നേതാക്കൾ അധിക്ഷേപങ്ങളിൽ മുക്കുകയാണ്. യുഡിഎഫ് ആകട്ടെ, കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങളെ പ്രതിരോധിക്കാനോ കേരളത്തിന്റെ വികസനത്തിനായി ഇടപെടാനോ തയ്യാറല്ല. യുഡിഎഫ് എംപിമാരുടെ പാർലമെന്റിലെ നിലപാടുകൾ ഇക്കാര്യം വ്യക്തമാക്കുന്നതാണ്.

ആഗോളവൽക്കരണ നയങ്ങൾക്ക് ബദലുയർത്തി, മതനിരപേക്ഷതയുടെ കാഴ്ചപ്പാടുകളിൽ വിട്ടുവീഴ്ച ചെയ്യാതെ പ്രവർത്തിക്കുകയാണ് എൽഡിഎഫ് സർക്കാർ. രാജ്യത്താകമാനം ഉയർന്നുവരുന്ന ജനകീയ പ്രതിരോധത്തിന് ഇത് കരുത്തായി മാറുന്നു. അതുകൊണ്ടുതന്നെ ഈ സർക്കാരിനെ ദുർബലപ്പെടുത്തുകയെന്നത് കോർപറേറ്റ് ശക്തികളുടെയും താൽപ്പര്യമായി മാറിയിരിക്കുകയാണ്. സർക്കാരിനെതിരായി നടക്കുന്ന കോർപറേറ്റ് മാധ്യമങ്ങളുടെ വിഷലിപ്ത പ്രചാരണങ്ങൾക്കു പിന്നിലുള്ള ഈ രാഷ്ട്രീയത്തെ തിരിച്ചറിയേണ്ടതുണ്ട്. അതിന്റെ ഭാഗമാണ് മുഖ്യമന്ത്രിയെ ഉൾപ്പെടെ അപകീർത്തിപ്പെടുത്താനുള്ള ശ്രമങ്ങൾ. ആ ഘട്ടത്തിലും ജനകീയ താൽപ്പര്യങ്ങളുയർത്തിപ്പിടിച്ച് എല്ലാ പ്രതിബന്ധങ്ങളെയും നേരിട്ട് മുന്നോട്ടുപോകുകയാണ് എൽഡിഎഫ് സർക്കാർ. പുരോഗതിയുടെ അടയാളങ്ങൾ പതിയാത്ത ഒരു മേഖലയും കേരളത്തിൽ ഈ കാലയളവിൽ കാണാനാകില്ല. അതിനാൽത്തന്നെ എല്ലാ വ്യാജ പ്രചാരണങ്ങളെയും തള്ളി കേരള സർക്കാരിന്റെ രണ്ടാം വാർഷികം ജനങ്ങളുടെ ഉത്സവമായി മാറുകയാണ്.

കർണാടകം ബൂത്തിലേക്ക് പോകുമ്പോൾ

ടി ചന്ദ്രമോഹൻ

40 വർഷമായി ഒരു കക്ഷിയും ഭരണത്തുടർച്ച നേടാത്ത കർണാടകത്തിൽ ഇത്തവണ വൻ പ്രചാരണ കോലാഹലമായിരുന്നു. നേതാക്കളുടെ വാക്പോരും വെല്ലുവിളികളും വർഗീയ പ്രചാരണവും മാറിമറിയുന്ന ജാതി സമുദായ പിന്തുണയും ന്യൂനപക്ഷ നിലപാടുകളും ഭരണവിരുദ്ധവികാരവുമാണ് പ്രധാനമായും വിധി നിർണയിക്കുക

2613 സ്ഥാനാർഥികളുടെ വിധി നിർണയിക്കാൻ കർണാടകത്തിലെ 224 നിയമസഭാ മണ്ഡലത്തിലെ 5.3 കോടി വോട്ടർമാർ ബുധനാഴ്ച ബൂത്തിലേക്ക്. ലോക്സഭാ തെരഞ്ഞെടുപ്പിന് ഒരു വർഷംമാത്രം ശേഷിക്കെ ദേശീയ രാഷ്ട്രീയത്തിന്റെ വിധി നിർണയിക്കുന്ന സുപ്രധാന തെരഞ്ഞെടുപ്പാണിത്. കാലുമാറ്റത്തിലൂടെ ലഭിച്ച ഭരണം നിലനിർത്താമെന്ന പ്രതീക്ഷയോടെ ബിജെപിയും ഭരണവിരുദ്ധവികാരം വോട്ടാക്കി ജയിക്കാമെന്ന് കോൺഗ്രസും ഉറപ്പിക്കുന്നു. കഴിഞ്ഞ തവണത്തേക്കാൾ നില മെച്ചപ്പെടുത്തി കിങ് മേക്കറാകാൻ ജനതാ ദൾ സെക്യുലറും ശക്തമാണ്. 40 വർഷമായി ഒരു കക്ഷിയും ഭരണത്തുടർച്ച നേടാത്ത കർണാടകത്തിൽ ഇത്തവണ വൻപ്രചാരണ കോലാഹലമായിരുന്നു. നേതാക്കളുടെ വാക്പോരും വെല്ലുവിളികളും വർഗീയ പ്രചാരണവും മാറിമറിയുന്ന ജാതി സമുദായ പിന്തുണയും ന്യൂനപക്ഷ നിലപാടുകളും ഭരണവിരുദ്ധവികാരവുമാണ് പ്രധാനമായും വിധി നിർണയിക്കുക. ഭരണവിരുദ്ധവികാരം മറികടക്കാൻ ബിജെപി വർഗീയ കാർഡ് ഇളക്കി കളിക്കുകയായിരുന്നു. ബജ്റംഗദളിനെ നിരോധിക്കുമെന്ന കോൺഗ്രസിന്റെ പ്രചാരണപത്രിക ഉയർത്തിക്കാട്ടി വോട്ടു ചെയ്യുമ്പോൾ മനസ്സിൽ ജയ് ഹനുമാൻ വിളി ഉയരണമെന്നുവരെ ബിജെപി ആഹ്വാനംചെയ്തു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും ദിവസങ്ങളോളം സംസ്ഥാനത്ത് കേന്ദ്രീകരിച്ച് ബിജെപിയുടെ പ്രചാരണത്തിന് നേതൃത്വം നൽകി. രാഹുൽ ഗാന്ധിയും പ്രിയങ്കയും മല്ലികാർജുൻ ഖാർഗെയും ഉടനീളം പ്രചാരണം നടത്തിയെങ്കിലും മുൻമുഖ്യമന്ത്രി സിദ്ദരാമയ്യയും പിസിസി പ്രസിഡന്റ് ഡി കെ ശിവകുമാറുമാണ് കോൺഗ്രസിനെ മുന്നിൽനിന്ന് നയിച്ചത്. ദേശീയ വിഷയങ്ങൾ മാറ്റി സംസ്ഥാന വിഷയത്തിലും ക്ഷേമപദ്ധതികളിലും ഊന്നിയായിരുന്നു കോൺഗ്രസ് പ്രചാരണം. ബസവരാജ് ബൊമ്മെ സർക്കാരിന്റെ വീഴ്ചകളാണ് ഉയർത്തിക്കാട്ടിയത്. എന്നാൽ, കലാപാഹ്വാനത്തോടെയുള്ള അതിതീവ്ര വർഗീയ പ്രചാരണമാണ് ബിജെപി അഴിച്ചുവിട്ടത്. പ്രധാനമന്ത്രിമുതൽ എല്ലാ നേതാക്കളും റോഡ് ഷോയിലും പൊതുയോഗങ്ങളിലും കടുത്ത വർഗീയ പരമാർശങ്ങൾ ഉയർത്തി. ജയ് ഹനുമാൻ വിളികൾ മുഴക്കിയാണ് പ്രധാനമന്ത്രി പൊതുയോഗങ്ങളിലും റോഡ് ഷോയിലും പങ്കെടുത്തത്. കോൺഗ്രസ് വിജയിച്ചാൽ കർണാടകത്തിൽ കലാപമായിരിക്കും ഉണ്ടാകുകയെന്ന് മോദിയും അമിത് ഷായും ഭീഷണി മുഴക്കി. ഹിന്ദുധർമം അപകടത്തിലാണ്, ഹിന്ദു ഒരുമിച്ച് നിൽക്കേണ്ട സമയമാണ്, ഒരുമിച്ച് പ്രാർഥിക്കാം എന്ന ആഹ്വാനത്തോടെ ബജ്റംഗദൾ പ്രവർത്തകർ ക്ഷേത്രങ്ങളിൽ കേന്ദ്രീകരിച്ചു. വീരശൈവ ലിംഗായത്ത് ഫോറം അവസാന മണിക്കൂറിൽ കോൺഗ്രസിന് പിന്തുണ പ്രഖ്യാപിച്ചത് ബിജെപിയെ ആശങ്കയിലാഴ്ത്തിയിട്ടുണ്ട്. മൂന്ന് പതിറ്റാണ്ടായി തെരഞ്ഞെടുപ്പിൽ ബിജെപിക്ക് അനുകൂലമായ നിലപാടാണ് ഇവർ സ്വീകരിച്ചിരുന്നത്. ലിംഗായത്ത് സമുദായത്തിലെ പ്രമുഖരെ തഴഞ്ഞ് തീവ്രഹിന്ദുത്വത്തിലൂടെ തലമുറ മാറ്റത്തിലൂടെയും കർണാടകത്തിൽ ഭരണത്തുടർച്ച നേടാനുള്ള മോദി– അമിത് സഖ്യത്തിന്റെ നീക്കത്തെ പരാജയപ്പെടുത്തുക എന്നതാണ് ലിംഗായത്ത് നിലപാട്.

ഫലത്തിൽ ബിജെപിയുടെ തീവ്രഹിന്ദുത്വവും കന്നഡികരുടെ മതനിരപേക്ഷ മനസ്സും തമ്മിലുള്ള പോരാട്ടമാണ് നടക്കുന്നത്. ദക്ഷിണേന്ത്യയിൽ ബിജെപി മൂന്നു തവണ അധികാരത്തിലെത്തിയെങ്കിലും സംഘപരിവാറിന്റെ തീവ്രഹിന്ദുത്വത്തെ കർണാടകം ഉൾക്കൊണ്ടിട്ടില്ല. കന്നഡികരുടെ മനസ്സിൽ പ്രാദേശിക സാമുദായിക, ജാതി ആശയങ്ങൾക്കാണ് പ്രാമുഖ്യം. മഠങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന പ്രാദേശിക സമുദായങ്ങളുടെ സ്വാധീനം തീവ്രഹിന്ദുത്വ ശക്തികളുടെ നുഴഞ്ഞുകയറ്റത്തിന് തടസ്സമാണ്. ലിംഗായത്ത്, വൊക്കലിഗ സമുദായങ്ങൾ രാഷ്ട്രീയ സ്വാധീനം ചെലുത്താൻ ആഗ്രഹിക്കുന്നെങ്കിലും അവർ ആർഎസ്എസിന്റെ ഹിന്ദുത്വ പ്രത്യയശാസ്ത്രത്തെ പിന്തുണയ്ക്കുന്നില്ലെന്ന് പലപ്പോഴും തെളിയിച്ചിട്ടുണ്ട്. ബി എസ് യെദ്യൂരപ്പ, ജഗദീഷ് ഷെട്ടാർ, ലക്ഷ്മൺ സാവന്ത് ഉൾപ്പെടെയുള്ള നേതാക്കളിലൂടെയാണ് ലിംഗായത്ത് സമൂഹത്തിന്റെ പിന്തുണ ബിജെപി ഉറപ്പിച്ചിരുന്നത്. എന്നാൽ, മോദി–അമിത് ഷാ സഖ്യം ഒന്നര വർഷംമുമ്പ് യെദ്യൂരപ്പയെ മുഖ്യമന്ത്രിസ്ഥാനത്തുനിന്ന് നീക്കിയതും മുൻമുഖ്യമന്ത്രിയായ ജഗദീഷ് ഷെട്ടാർക്കും മുൻ ഉപമുഖ്യമന്ത്രി ലക്ഷ്മൺ സാവന്തിനും സീറ്റ് നിഷേധിച്ചതും ലിംഗായത്ത് സമൂഹത്തെ ചൊടിപ്പിച്ചു. യെദ്യൂരപ്പയെ പ്രചാരണത്തിൽ മുന്നിൽ നിർത്തിയെങ്കിലും ലിംഗായത്തുകളെ അധികം ആശ്രയിക്കാതെ വിശാലമായ ഹിന്ദുത്വ വോട്ട് അടിത്തറ സൃഷ്ടിക്കാൻ കഴിയുന്ന ഒരു പുതിയ സംസ്ഥാന നേതൃത്വത്തെ രൂപപ്പെടുത്തുകയാണ് ബിജെപി. 'ഹിന്ദുത്വ അജൻഡയാണ് തങ്ങൾ നടപ്പാക്കുന്നതെന്നും അതുകൊണ്ടുതന്നെ ലിംഗായത്ത് സമൂഹത്തെ പ്രീണിപ്പിക്കേണ്ട ആവശ്യമില്ലെന്നുമുള്ള' ബിജെപി സംഘടനാ സെക്രട്ടറി ബി എൽ സന്തോഷിന്റെ പ്രസ്താവന ലിംഗായത്തുകളെ പ്രകോപിപ്പിച്ചിട്ടുണ്ട്.

പഴയ മൈസൂരു മേഖലയിൽ തീവ്രഹിന്ദുത്വത്തിലൂടെ വൊക്കലിഗ സമുദായത്തെ ഒപ്പം നിർത്താനുള്ള ശ്രമങ്ങൾക്കും തുടക്കത്തിലേ തിരിച്ചടിയേറ്റിരുന്നു. മൈസൂരു ഭരണാധികാരി ടിപ്പു സുൽത്താനെ വൊക്കലിഗ സേനാനികളായ ഉറി ഗൗഡയും നഞ്ചെ ഗൗഡയും കൊന്നുവെന്ന തെറ്റായ പ്രചാരണം ബിജെപി അഴിച്ചുവിട്ടിരുന്നു. ടിപ്പു സുൽത്താന്റെ കൊലപാതകത്തെക്കുറിച്ചുള്ള ബിജെപിയുടെ അവകാശവാദങ്ങൾ വൊക്കലിഗ സമുദായത്തിലെ പ്രധാന കേന്ദ്രമായ ആദിചുഞ്ചഗിരി മഠത്തിലെ നിർമലാനന്ദ നാഥ തള്ളിക്കളഞ്ഞിരുന്നു. ചരിത്രവും കെട്ടുകഥകളും തമ്മിൽ വ്യത്യാസമുണ്ടെന്നും 1799ൽ ശ്രീരംഗപട്ടണത്തിൽ ടിപ്പുവിനെ ബ്രിട്ടീഷ് സൈന്യമാണ് വധിച്ചതെന്ന് എല്ലാവർക്കും അറിയാമെന്നും നിർമലാനന്ദ നാഥ പറഞ്ഞിരുന്നു. മുസ്ലിങ്ങളും വൊക്കലിഗ സമുദായവും നൂറ്റാണ്ടുകളായി സൗഹാർദത്തോടെയാണ് ജീവിക്കുന്നതെന്നും വ്യാജചരിത്രം കൊണ്ട് ഇത് അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും മഠാധിപതി തുറന്നടിച്ചതോടെ ബിജെപി 'ഉറി ഗൗഡ, നഞ്ചെഗൗഡ' പ്രചാരണം അവസാനിപ്പിച്ചിരുന്നു. പഴയ മൈസൂരു മേഖലയിൽ പ്രധാന വോട്ടുബാങ്കായ വൊക്കലിഗ സമുദായം ജെഡിഎസിനെയും കോൺഗ്രസിനെയുമാണ് പരമ്പരാഗതമായി പിന്തുണയ്ക്കുന്നത്. വർഗീയ ചേരിതിരിവുണ്ടാക്കി, സമുദായത്തിൽ വിള്ളലുണ്ടാക്കി സ്വാധീനം ഉറപ്പിക്കാൻ കഴിഞ്ഞ നാല് വർഷമായി ബിജെപി ശ്രമിച്ചു. ടിപ്പു സുൽത്താൻ ഹിന്ദു വിരുദ്ധനാണെന്ന് പ്രചരിപ്പിച്ച് പലതവണ ഈ മേഖലയിൽ വർഗീയ സംഘർഷങ്ങൾ സൃഷ്ടിച്ചു. കല്യാൺ കർണാടക, മുംബൈ കർണാടക, സെൻട്രൽ കർണാടക എന്നിവിടങ്ങളിലൊന്നും ബിജെപി പ്രകടനപത്രികയിൽ അവതരിപ്പിച്ച ഹിജാബ്, ലൗ ജിഹാദ്, ഏകീകൃത സിവിൽ കോഡ്, എൻആർസി തുടങ്ങിയവ പ്രചാരണ വിഷയമായിരുന്നില്ല.

പല തെരഞ്ഞെടുപ്പ് സർവേകളും കോൺഗ്രസിന് ഭൂരിപക്ഷം ലഭിക്കുമെന്ന് പ്രവചിച്ചിട്ടുണ്ട്. 80 മുതൽ 95 വരെ സീറ്റുകളാണ് ബിജെപിക്ക് നൽകുന്നത്. ഭരണവിരുദ്ധവികാരം കോൺഗ്രസിന് അനുകൂലമാകുമെന്നും പഴയ മൈസൂരു ഒഴികെയുള്ള മേഖലകളിൽ ന്യൂനപക്ഷ വോട്ടുകൾ കേന്ദ്രീകരണമുണ്ടാകുമെന്നും സർവേകൾ ചൂണ്ടിക്കാട്ടുന്നു. സർവേ ഫലങ്ങളെപ്പോലും അട്ടിമറിച്ച് ഭൂരിപക്ഷമുറപ്പിക്കുന്ന ബിജെപിയുടെ തെരഞ്ഞെടുപ്പ് രാഷ്ട്രീയതന്ത്രം കോൺഗ്രസിനെ ആശങ്കപ്പെടുത്തുന്നുണ്ട്. ലിംഗായത്ത് വിഭാഗത്തിന്റെ വോട്ട് നഷ്ടം നികത്താൻ ബിജെപി മറ്റ് മേഖലകളിലൂടെയും പണം ഒഴുക്കിയും ശ്രമിച്ചിട്ടുണ്ട്. വിലക്കയറ്റം, കാർഷിക വിളകളുടെ വിലയിടിവ്, കർഷക സമരങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ ബിജെപിക്ക് തലവേദനയാണ്. കർണാടകത്തിൽ തൂക്കുസഭയെന്ന് പ്രവചിക്കുന്ന ചില സർവേകൾ 35 സീറ്റ് വരെ ജെഡിഎസ് നേടുമെന്ന് പറയുന്നു. ജെഡിഎസ് പിന്തുണയോടെ നാല് മണ്ഡലത്തിൽ മത്സരിക്കുന്ന സിപിഐ എം ബാഗേപ്പള്ളിയിൽ വിജയം ഉറപ്പാക്കുന്നു. മുഖ്യമന്ത്രി ബസവരാജ് ബൊമ്മെ, മുൻമുഖ്യമന്ത്രിമാരായ സിദ്ധരാമയ്യ, എച്ച് ഡി കുമാരസ്വാമി, ജഗദീഷ് ഷെട്ടാർ, പിസിസി പ്രസിഡന്റ് ഡി കെ ശിവകുമാർ, ബിജെപി ദേശീയ ജനറൽസെക്രട്ടറി സി ടി രവി തുടങ്ങിയ പ്രമുഖർ ശക്തമായ മത്സരം നേരിടുന്നു. ബിജെപി –224, കോൺഗ്രസ് –

223, ജെഡിഎസ്–207, എഎപി–209, സിപിഐ എം –4 എന്നിങ്ങനെയാണ് പ്രധാന പാർടികൾ മത്സരിക്കുന്നത്.